LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം ആവശ്യമായ പരിശോധനകൾ നടത്തുകയും രോഗനിയന്ത്രണത്തിനായി ബോർഡോമിശ്രിതം തളിക്കുന്നതിനുള്ള നിർദ്ദേശം കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ജൈവവളപ്രയോഗം കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) പഞ്ചായത്തുകളിലെ കാർഷിക കർമ്മസേനയുടെയും അഗ്രോസർവ്വീസ് സെന്ററിന്റെയും സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

**ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും കൃഷികളും**

172 (3377) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും കൃഷികളും സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മോൺ സാന്റോ കമ്പനിയുടെ ഗോൾഡൻ റൈസ് എന്ന വിത്ത് സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(സി) കൃഷിച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്നതും കോർപ്പറേറ്റുകൾ നടത്തുന്ന ചൂഷണം ഇല്ലാതാക്കാൻ ഉതകുന്നതുമായ സുഭാഷ് പലേക്കർ കണ്ടുപിടിച്ച ചെലവില്ലാ പ്രകൃതി കൃഷി (സീറോ ബജറ്റ് നാച്ചറൽ ഫാമിംഗ്) പോലുള്ള ജൈവകൃഷി രീതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി കാർഷിക മേഖലയിൽ ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരികയാണ്. ജൈവ കാർഷിക നയം സംസ്ഥാനം രൂപപ്പെടുത്തുകയും 2012-13 വർഷം കാസർഗോഡ്

ജില്ലയെ സമ്പൂർണ്ണ ജൈവകാർഷിക ജില്ലയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. 2016-ഓടെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്. ജൈവകൃഷിയും സുരക്ഷിത ഭക്ഷ്യോത്പാദനവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ 2014-15 വർഷം മുതൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുകയാണ്. ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ പി.കെ.വി.വൈ. (പരമ്പരാഗത കൃഷി വികാസ് യോജന) കാസർഗോഡ്, വയനാട് ഒഴികെയുള്ള ജില്ലകളിൽ നടപ്പിലാക്കി വരികയാണ്.

ചെലവു കുറഞ്ഞ മാതൃകാപരമായ നല്ല ജൈവകൃഷി രീതികൾ ഘട്ടംഘട്ടമായി പാലിച്ച് സമ്പൂർണ്ണ ജൈവ കൃഷിയിലേയ്ക്ക് മാറുന്നതിന് ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, വിപണനം, ജൈവ കാർഷികോത്പാദന ഉപാധികളുടെ ഉത്പാദനവർദ്ധനവും ഗുണനിലവാര പരിശോധന എന്നിവയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ചെലവില്ലാ പ്രകൃതി കൃഷി ശക്തിപ്പെടുത്തുന്ന കാര്യം കൃഷി വകുപ്പിന്റെ പരിഗണനയിലാണ്.

## കൃഷി ഫാമുകളുടെ പ്രവർത്തനം

173 (3378) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ അധീനതയിലുള്ള ഓരോ കൃഷി ഫാമുകളുടെയും ലാഭ-നഷ്ട കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) കൃഷിഫാമുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിൻമായി ഓരോ ബഡ്ജറ്റിലും നീക്കിവച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക എത്രയെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ വന്നതിന് ശേഷം ഏതെങ്കിലും സർക്കാർ ഫാമുകൾ പാട്ടത്തിന് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഫാമുകളാണെന്നവിവരവും അതിന്റെ പാട്ടവ്യവസ്ഥയുടെ വിശദാശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly